Malappuram District Police

## **20.09.2017 പൊന്നാനി**

മീൻ പിടിക്കാനായി കടലിലിറങ്ങിയ ബോട്ട് യന്ത്രത്തകരാർ മൂലം ആഴക്കടലിൽ കുടുങ്ങി. ശക്തമായ കാറ്റിലും മഴയിലും ആടിയുലഞ്ഞ ബോട്ടിനെയും തൊഴിലാളികളെയും തീരദേശ പോലീസ് കരക്കെത്തിച്ചു. ചൊവ്വാഴ്ച പുലർച്ചെ അഞ്ച് മണിയോടെ കൂട്ടായി കടപ്പുറത്തുനിന്നും പത്തുകിലോമീറ്റർ അകലെ ആഴക്കടലിലാണ് മീൻ പിടിത്ത ബോട്ട് കുടുങ്ങിയത്. പുതുപൊന്നാനി സ്വദേശി കുരിക്കലകത്ത് കാദറിൻെറ ആനക്കാരൻ എന്ന ബോട്ടാണ് കടലിൽ അകപ്പെട്ടത്. വലയെറിഞ്ഞ് മീൻ പിടിക്കുന്നതിനിടയിൽ വലയുടെ ഒരുഭാഗം ബോട്ടിൻെറ പ്രൊപ്പല്ലറിൽ കുടുങ്ങുകയായിരുന്നു. ഇതോടെ യന്ത്രം നിശ്ചലമായി. ബോട്ട് കാറ്റിലും മഴയിലും സഞ്ചരിക്കാനാവാതെ ആടിയുലഞ്ഞു. സംഭവമറിഞ്ഞ് പൊന്നാനി കോസ്റ്റൽ പോലീസ് സ്റ്റേഷൻ എസ്.ഐ. ശശിധരൻ മേലയിൽ സിപിഒ-മാരായ വിശാൽ, ശ്രീജിത്ത് എന്നിവരുടെ നേതൃത്വത്തിൽ പോലീസ് ബോട്ടുമായി കടലിലേക്ക് തിരിച്ചു. തൊഴിലാളികളെ തകരാറായ ബോട്ടിൽ നിന്നും രക്ഷപ്പെടുത്തി പോലീസ് ബോട്ടിൽ കയറ്റി. കടലില് കുടുങ്ങിയ മീൻ പിടിത്ത ബോട്ട് കെട്ടിവലിച്ച് പൊന്നാനി തുറമുഖത്തെത്തിച്ചു.